**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** **29-09-2025 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മോട്ടോർ വാഹന വകുപ്പിൽ പുതുതായി ആരംഭിച്ച സബ് ആർ ടി ഓഫീസുകളിലേക്കും 14 ജില്ലാ എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകളിലേക്കും സ്ക്വാഡുകളിലേക്കും പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് വിവിധ തലങ്ങളിൽ നിന്നും ലഭ്യമായ നിവേദനങ്ങളുടേയും റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ, വകുപ്പിൽ അധിക തസ്തികകൾ അനുവദിക്കുന്നതിനായി വിവിധ പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മോട്ടോർ വാഹന വകുപ്പിൽ പുതുതായി ആരംഭിച്ച സബ് ആർ ടി ഓഫീസുകളിലേക്കും 14 ജില്ലാ എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകളിലേക്കും സ്ക്വാഡുകളിലേക്കും പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് വിവിധ തലങ്ങളിൽ നിന്നും ലഭ്യമായ നിവേദനങ്ങളുടേയും റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ, വകുപ്പിൽ അധിക തസ്തികകൾ അനുവദിക്കുന്നതിനായി വിവിധ പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥക്ഷാമം പരിഹരിക്കുന്നതിനും സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ് 24 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതിനുമായി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | മോട്ടോർ വാഹന വകുപ്പിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ശിപാർശകളിൻമേൽ സമഗ്രമായ പ്രവൃത്തി പഠനം നടത്തുന്നതിനു സർക്കാർ തീരുമാനിക്കുകയും അതിനുവേണ്ടി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. നിലവിൽ പ്രവൃത്തി പഠനം നടന്നുവരുന്നു |

സെക്ഷൻ ഓഫീസർ